**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2627** **23-02-2026 - ൽ മറുപടിയ്ക്ക്**

**കർഷകരുടെ പലിശരഹിത വായ്പാ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ചെറുകിട-നാമമാത്ര കർഷകർക്കായി സഹകരണ വകുപ്പ് മുഖേന നിലവിൽ ലഭ്യമാക്കിയിട്ടുള്ള വിവിധ ധനസഹായ പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തെ ചെറുകിട-നാമമാത്ര കർഷകർക്കായി സഹകരണ വകുപ്പ് മുഖേന നിലവിൽ ലഭ്യമാക്കിയിട്ടുള്ള വിവിധ ധനസഹായ പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>1. **(Co-operative Initiative in Technology Driven Agriculture (CITA)**<br>കൃഷിയെ പ്രോത്സാഹിക്കുന്നതിനും, അതിന്റെ ഉന്നമനത്തിനുമായി സഹകരണ മേഖലയുടെ പിന്തുണയോടെ കാർഷികോൽപ്പന്നങ്ങളുടെ ഉൽപാദനം, സമാഹണം, സംഭരണം, മൂല്യ വർദ്ധിത ഉൽപ്പന്നമാക്കൽ, ചില്ലറവിൽപ്പന എന്നിവയെ പരിപോഷിപ്പിച്ച് 5 വർഷത്തിനുള്ളിൽ കേരളത്തിൽ കാർഷിക വികസന മുന്നേറ്റമുണ്ടാക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഈ പദ്ധതിയിലൂടെ സഹകരണ സംഘങ്ങളിൽ അംഗങ്ങളായ കർഷകർക്ക് തങ്ങളുടെ കാർഷിക പ്രവർത്തനങ്ങളുടെ തുടക്കം മുതൽ ഒടുക്കം വരെ, അതായത് വിത്ത് വിതയ്ക്കൽ മുതൽ മൂല്യവർദ്ധനവ് വരെ എല്ലാ മേഖലകളിലും സഹായം ലഭിക്കുന്നു. പദ്ധതി നടപ്പാക്കുന്നതിനായി പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്കും/മറ്റ് സഹകരണ സംഘങ്ങൾക്കുമാണ് സഹായം അനുവദിക്കുന്നത്. ടി പദ്ധതിയിൽ ഉൾപ്പെടുത്തി 2022-23 സാമ്പത്തിക വർഷം മുതൽ നാളിതു വരെ 47 സഹകരണ സംഘങ്ങൾക്ക് 1322.83 ലക്ഷം രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.<br>2. **ഉത്തേജന പലിശ ഇളവ് പദ്ധതി**<br>2011-12 സാമ്പത്തിക വർഷം മുതൽ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ഫാർമേഴ്സ് സർവ്വീസ് സഹകരണ |

| | | | |
|---|---|---|---|
| | | | ബാങ്കുകൾ/കാർഷിക ഗ്രാമ വികസന ബാങ്കുകൾ മുഖേന വിതരണം ചെയ്യുന്ന ഹ്രസ്വകാല കാർഷിക വായ്പകൾ കൃത്യമായി തിരിച്ചടയ്ക്കുന്ന കർഷകരുടെ പലിശ പൂർണ്ണമായി ഒഴിവാക്കി പലിശ രഹിതവായ്പയായി മാറ്റുന്നതിനായി കേരള സംസ്ഥാന സർക്കാർ പദ്ധതിയേതര വിഹിതത്തിൽ ഉത്തേജന പലിശ ഇളവ് പദ്ധതി നടപ്പിലാക്കി വരുന്നു. |
| (ബി) | കർഷകർകായുള്ള പലിശരഹിത കാർഷിക വായ്പാ പദ്ധതി നിലവിൽ തുടരുന്നുണ്ടോ; വ്യക്തമാക്കാമോ? | (ബി) | തുടരുന്നുണ്ട്. കാർഷിക വായ്പകൾ കൃത്യമായി തിരിച്ചടയ്ക്കുന്ന കർഷകർക്കായുള്ള പലിശ രഹിത വായ്പാ പദ്ധതിയായ "ഉത്തേജന പലിശ ഇളവ് പദ്ധതി" സബ്സിഡികൾ എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക 2025-26 വരെ അനുവദിച്ചു നല്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ